(69)

DISPATCHED
On 21/10/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1372*(2)/2020*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **9951**/എസ്.ഐ.സി-ജി 6/20)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ബഷീർ,
S/o അബ്ദുറഹിമാൻ,
പുതിയാട്ടുകുണ്ടിൽ (വീട്),
കൂമ്പാറ പി.ഒ., കോഴിക്കോട്,
പിൻ – 673 604. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജില്ലാ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ,
കളക്ടറേറ്റ്, കോഴിക്കോട്.

2. അപ്പീൽ അധികാരി&
ജില്ലാ സർവ്വെ സൂപ്രണ്ട്,
കളക്ടറേറ്റ്, കോഴിക്കോട്. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.06.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07.09.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 30.09.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 05.10.2020 |
| ഹിയറിംഗ് നടന്ന തീയതി | 07.10.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |



014

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2.അപ്പീൽ ഹർജിക്കാരൻ 24.06.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ജില്ലാസർവ്വെ സൂപ്രണ്ടിന്റെ J3-1180/17 നമ്പർ നടപടിക്രമ പ്രകാരം 7/9/2018, 13/9/2018, 21/9/2018 തീയതികളിൽ സർവ്വെ നടത്തിയതിന്റെ സർവ്വെ(പ്ലാൻ) മാപ്പിന്റെ പകർപ്പ് വ്യക്തതയുള്ള രേഖാ പകർപ്പ് അനുവദിച്ച് നൽകണമെന്നും മേൽപ്പടി തീയതികളിൽ സർവ്വെ നടത്തിയവരുടെ പേരും മേൽവിലാസവും ഗ്രേഡുകൾ, പെൻ നമ്പർ, ഐ.ഡി.നമ്പർ എന്നിവയും നൽകണമെന്നുമാണ്. ആയതിന് 08.07.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, വിജിലൻസ്, ഇൻസ്പെക്ടർ ഓഫ് പോലീസ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോടിന്റെ മേൽ നോട്ടത്തിൽ സർവ്വെ നടത്തി തയ്യാറാക്കിയിട്ടുള്ള റിക്കാർഡ് ആയതിനാൽ ടി റിക്കാർഡുകൾ പ്രസ്തുത ഓഫീസിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നാണ്. ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട കാര്യങ്ങൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് ഓഫീസിൽ ആവശ്യപ്പെടാവുന്നതാണെന്നും ലഭ്യമാകുകയാണെങ്കിൽ കൈപ്പറ്റാവുന്നതുമാണെന്നും അറിയിച്ചിട്ടുണ്ടെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 07.09.2020ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ജെ3–1180/17–ാം നമ്പർ ഫയൽ പ്രകാരം വിജിലൻസ് സർവ്വെക്കായി സർവെയ്യർമാരെ അനുവദിക്കുക മാത്രമാണ് ടി കാര്യാലയത്തിൽ ചെയ്തുവരുന്നതെന്നും സർവ്വെ സ്കെച്ച് ടി കാര്യാലയത്തിൽ സൂക്ഷിച്ചുവരുന്നില്ലെന്നും വിജിലൻസ് ആവശ്യപ്രകാരം സർവ്വെ നടത്തി തയ്യാറാക്കിയ റിക്കാർഡുകൾ വിജിലൻസ് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ടി ഓഫീസിൽ നിന്നും അനുവദിക്കുന്ന പക്ഷം കൈപ്പറ്റാവുന്നതുമാണെന്നും എസ്.പി.ഐ.ഒ. മറുപടി നൽകി

യെന്നാണ്. ടി മറുപടിയ്ക്കെതിരെ ടിയാൻ നൽകിയ അപ്പീലിന്മേൽ 20.08.2020, 07.09.2020 എന്നീ ദിവസങ്ങളിൽ നേരിൽ കേൾക്കുന്നതിന് കത്തു നൽകിയെങ്കിലും ഹാജരായതായി കാണുന്നില്ലെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി ലഭ്യമാക്കുന്നതിനും ടി അപ്പീൽ 45 ദിവസത്തിനകം തീർപ്പാക്കുന്നതിനും ആവശ്യപ്പെട്ടുവെന്നുമാണ്. കൂടാതെ ഹർജിക്കാരന്റെ അപേക്ഷയിൽ പറയുന്ന 13.09.2018, 21.09.2018 എന്നീ ദിവസങ്ങളിൽ ടി കാര്യാലയത്തിൽ നിന്നും നടപടിക്രമം തയ്യാറാക്കിയിട്ടില്ലെന്നും 21.09.2018 അവധി ദിവസം കൂടിയാണെന്നും 07.09.2018ലെ നടപടിക്രമപ്രകാരം സർവ്വെ ചെയ്ത് സ്കെച്ച് ടി കാര്യാലയത്തിൽ സമർപ്പിച്ചിട്ടില്ലെന്ന് ഫയൽ പരിശോധിച്ചതിൽ മനസ്സിലാകുന്നുവെന്നും ടിയാൻ ആവശ്യപ്പെട്ട സർവ്വെ പ്ലാൻ (അസ്സൽ പകർപ്പ്) ടി കാര്യാലയത്തിൽ ലഭ്യമല്ലെന്നും ആയത് എസ്.പി.ഐ.ഒ. നിയമാനുസരണം മറുപടി നൽകിയിട്ടുണ്ടെന്നും ആയതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ലെന്നുമാണ് അറിയിച്ചത്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനം സംബന്ധിച്ച രേഖകൾക്ക് വിവരം നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് ഒന്നാം എതിർകക്ഷി വിവരാവകാശ നിയമം 6(3) പ്രകാരം കൈമാറി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ 2-ാം ഇനം സംബന്ധിച്ച് വ്യക്തമായ മറുപടി നൽകാമായിരുന്നിട്ടും നൽകിയില്ലെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. അപ്പീൽ അധികാരിയും പ്രസ്തുത ചോദ്യങ്ങൾക്കുള്ള വ്യക്തമായ മറുപടി 07.09.2020ലെ ഉത്തരവിൽ നൽകിയതായും കാണുന്നില്ല. ആകയാൽ വിവരാവകാശ നിയമലംഘനം നടത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച വരുത്തിയ മേൽപ്പടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുന്നതിന് കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യ

ത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

കൂടാതെ ടി വിഷയം സംബന്ധിച്ച് അപ്പീൽ അധികാരിയുടെ വിശദീകരണം 15 ദിവസത്തിനകം കമ്മീഷനിൽ സമർപ്പിക്കേണ്ടതുമാണ്.

4. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 ഒക്ടോബർ 08-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ... THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

DESPATCHED
On.25/2/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**A.P.1372(2)/2020/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.9951/SIC-G6/2020**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ബഷീർ,
S/o അബ്ദുറഹിമാൻ,
പതിയാടുകണ്ടിൽ വീട്,
കുമ്പാറ പി.ഒ., കോഴിക്കോട്-673 604 } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജില്ലാ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ,
കളക്ടറേറ്റ്, കോഴിക്കോട്

2. അപ്പീൽ അധികാരി &
ജില്ലാ സർവ്വെ സൂപ്രണ്ട്,
കളക്ടറേറ്റ്, കോഴിക്കോട് } എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിലെ കമ്മീഷന്റെ 2021 ഒക്ടോബർ മാസം 08-ാം തീയതിയിലെ ഉത്തരവ് പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണം തൃപ്തികരമായതിനാൽ ഈ അപ്പീൽ ഹർജിയിൽ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2023 ഫെബ്രുവരി മാസം 16-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION

dp